# വിരലറിവ്

പ്രസിദ്ധീകരിക്കുന്നത്

ലിറ്റിൽ കൈറ്റ്സ്

(LK/2018/39020)

കെ.ആർ.ജി.പി.എം എച്ച്. എസ്സ്

.എസ്സ്

ഓടനാവട്ടം



സ്വപ്നങ്ങൾ അക്ഷരങ്ങളായി

പിറവിയെടുത്തു.അക്ഷരങ്ങളിൽ അറിവ്

നിറഞ്ഞു.വിരലുകൾ അറിവക്ഷരങ്ങൾ

കോർത്ത മാലയുണ്ടാക്കി.

അക്ഷരമാലയുമായി ഞങ്ങളും .......

വിരലറിവിലൂടെ

മാഗസിൻ എഡിറ്റർ

## ഉള്ളടക്കം

പൂക്കളൊക്കയും വാക്കുകളാകുമ്പോൾ............................4
കുസൃതി ചോദ്യങ്ങൾ..................................................5-6
മഹത് വചനങ്ങൾ.......................................................7-8
ഓർമകളിൽ ഒരു സൗഹൃദം.........................................9-10
ശാസ്ത്രക്കുറിപ്പ്............................................................11-12
മാഞ്ഞ ബാല്യകാലം..................................................13
MY EXAM FEAR..................................................14
എന്റെ ബാല്യം..........................................................15-16
ഏകയായ മൗനം........................................................17
ഇഞ്ചിക്കരയിലെ കുഞ്ഞു................................................18
ഭാരതം പൊതുപരിചയം..............................................19
അമ്മ...........................................................................20-21-22
ബാല്യത്തിൻ ഓർമ്മകൾ.............................................23-24
മണ്ടൻ നായ.............................................................25
അമ്മ.........................................................................26-27

# പൂക്കളൊക്കെയും വാക്കുകളാകുമ്പോൾ



afsal 10d

ആരോ പറയുന്ന തെംസ്നദീ, നിന്നോടു
മൂകാനുരാഗം കലർന്നൊരാൾ വന്നപോൽ
ആകെയിരുണ്ടു തളര്ന്നിഴയുന്ന നിന്
യാതന കണ്ടാ മിഴികൾ നിറയവേ

രണ്ടുതുള്ളിച്ചുടുനീർ നിൻ കറുപ്പാർന്ന
നെ ഞ്ഞുവീണപോൽ ,അദ്ഭുതം!പെട്ടെന്നു
പൂ രിക്കൊള്ളാൻ തുടങ്ങിപോൽ തെംസ്നദീ!
ആ രാഗമല്ലലായ്,ദീപ്രമാം യത്നമായ്-
ത്തീരവേ രണ്ടു കരഹങ്ങളൊരായിരം
ധീരഹസ്തങ്ങളായ് മാറി,നിൻജീവ-
വാരിക്കോരിക്കഴുകിയെടുത്തു പോൽ!

ഇന്നു നീ വീണ്ടും ചിരിച്ചൊഴുകുന്നുപോൽ!
നിൻ മാറിലെന്നങ്ങൾ വന്നിറങ്ങുന്നുപോൽ
ളുമലർമൊട്ടുപോൽ പിന്നെയും നിൻ പ്രിയ
സാമൺ തുടിച്ചു വിടർന്നു കളിപ്പൂപോൽ



# കുസൃതി ചോദ്യങ്ങൾ

meenakshi.R.J

1 ഗാന്ധിജി കാണാത്ത ഇന്ത്യ?

മിസ് ഇന്ത്യ

2 താജ് മഹൽ നിർമ്മിച്ചതാര് ?

തൊഴിലാളികൾ

3 ഭൂമി ഒരു വലിയ നെറ്റിന്റെ ബലത്തിലാണ് നിൽക്കുന്നത്.ഏത് നെറ്റിന്റെ?

മാഗ്നെറ്റിന്റെ

4 ഏറ്റവും സംശയമുള്ള മാസം?

മെയ് [may or may not]

5 പുരാതന കാലത്ത് നികുതി പിരിക്കാനായി ഡിസൈൻ ചെയ്ത വാഹനം?

ടാക്സി[tax collecting vehicle]

6 ഹനുമാൻ കയറാത്ത ലങ്ക?

ചിലങ്ക

7 ആകാംക്ഷയുടെ സിറ്റി ഏത്?

ക്യൂരിയോസിറ്റി

8 കമ്പ്യൂട്ടർ റൂമിൽ ചേര വരാൻ കാരണം?

മൗസ് ഉള്ളത് കൊണ്ട്



# മഹത് വചനങ്ങൾ

_hasna.s

1 മാധുര്യം തുളുമ്പുന്ന ഹൃദയം കാണണമെങ്കിൽ നമ്മുടെ മാതാവിന്റെ മുഖത്ത് നോക്കണം

-മാർട്ടിൻ ലൂഥർ

2 അറിവ് ശക്തിയാണ്

-ഹോബ്സ്

3 ഭൂമിയിൽ ഒരസുരനുണ്ടെങ്കിൽ അത് മടിയനാണ്

-കാർലൈൽ

4 ആവശ്യകതയാണ് സൃഷ്ടിയുടെ മാതാവ്

-ലാറ്റിൻ പഴമൊഴി

5 നന്മയാണ് ഒരിക്കലും പരജയപ്പെടാത്ത നിക്ഷേപം

-തേറോ

6 ഭൂമിയിലെ നക്ഷത്രങ്ങളാണ് പൂക്കൾ

-ലോംഗ് ഫെല്ലോ

7 ധീര പ്രവർത്തികളുടെ സുഗന്ധമാണ് പ്രശസ്തി

-സോക്രട്ടീസ്

8 തെറ്റു പറ്റുക മാനുഷികം,ക്ഷമിക്കുന്നതോ ദൈവികം

-അലക്സാണ്ടർ പോപ്പ്

9 അഹിംസയുടെ സജീവമായ അവസ്ഥയാണ് സ്നേഹം

-ഗാന്ധിജി

10 കർത്തവ്യബോധം ഉണ്ടാകുന്നത് യഥാർത്ഥ വിദ്യാഭ്യായം

-ഗാന്ധിജി

-Hasna S



# ഓർമ്മകളിൽ ഒരു സൗഹൃദം

gopi

ചന്ദ്രനും നക്ഷത്രങ്ങളും പോലെ പിരിയാൻ കഴിയാത്ത രണ്ട് ചങ്ങാതിമാരായിരുന്നു മനുവും മധുവും.ഇരുവരും തമ്മിൽ ഇന്നേവരെ വഴക്കുണ്ടാക്കിയിട്ടില്ല. അത്രക്ക് ആഴമുള്ളതായിരുന്നു ഇരുവരും തമ്മിലുള്ള സൗഹൃദബന്ധം.ഇതിൽ ഇരുവരുടെയും മറ്റു കൂട്ടുകാർക്ക് അസൂയ തോന്നിയിരുന്നു.മനുവിനെയും മധുവിനെയും

തമ്മിൽ തെറ്റിക്കാനായി ഒരുപാട് ശ്രമിച്ചെങ്കിലും ആ പരിശ്രമങ്ങളെല്ലാം പരാജയപ്പെടുകയാണുണ്ടായത് .മധുവിന്റെ അച്ഛനും അമ്മയും ഗൾഫിലാണ് ജോലിചെയ്തിരുന്നത്.മധുവിന്റെ അമ്മായിയുടെ വീട്ടിലാണ് മധു നിൽക്കുന്നത് .അവിടെവച്ചാണ് മനുവും മധുവും തമ്മിൽ പരിചയപ്പെടുന്നത്.അങ്ങനെ ഒരു ദിവസം മധുവിന്റെ അച്ഛനും അമ്മയും നാട്ടിൽ തിരിച്ചെത്തിയ വിവരമറിഞ്ഞ് സന്തോഷത്തോടെ വീച്ചിൽ എത്തിയ മധുവിന് കേൾക്കേണ്ടി വന്നത് സങ്കടം നിറഞ്ഞ വാർത്തയാണ്.അവൻ തേങ്ങിക്കരഞ്ഞുകൊണ്ട് മനുവിന്റെ അടുത്തേക്ക് ഓടിച്ചെന്നു അവൻ സങ്കടത്തോടെ ആ വാർത്ത മനുവിനെ അറിയിച്ചു.തന്റെ അച്ഛനും അമ്മയും വന്നത് തന്നെ കൊണ്ട്പോകാനാണെന്നും ഗൾഫിലേക്ക് പോയാൽ പിന്നീടൊരിക്കലും നാട്ടിലേക്ക് വരാൻ കഴിയില്ലെന്നും.മനു അവന്റെ സങ്കടം ഉള്ളിലൊതുക്കി സന്തോഷത്തോടെ മധുവിനെ പറഞ്ഞയച്ചു.കുറേ നാളുകൾ കടന്നുപോയി.മനു എന്നും അവരുടെ കളിസ്ഥലത്ത് പോയി മധുവിന്റെ വരവ് കാത്തിരിക്കും.ഇന്നും അവൻ മധുവിനെ കാത്തിരിക്കാറുണ്ട്.അവർ പിരിഞ്ഞെങ്കിലും അവരുടെ സൗഹൃദം പൂർണചന്ദ്രനെപോലെ ഇന്നും തിളങ്ങി നിൽക്കുന്നു



Anamika
10.d

# ശാസ്ത്രക്കുറിപ്പ്

ചരിത്രം കുറിച്ച് ചൈന,ചന്ദ്രനിൽ കൃഷി തുടങ്ങി,ആദ്യചിത്രങ്ങൾ പുറത്ത്.

ബഹിരാകാശലോകത്തെ അത്ഭുതപ്പെടുത്തി ചൈനീസ് ഗവേഷകൻ ചന്ദ്രനിലെ ഇരുണ്ടഭാഗത്ത് പരുത്തിചെടിയുടെ വിത്തുകൾ മുളപ്പിച്ചു.ചന്ദ്രനിലിത് ആദ്യമായാണ് ഭൂമിയിൽ നിന്നുള്ള ഒരു വിത്ത് മുളപ്പിക്കുന്നത്.ചൈന നാഷണൽ സ്പേസ് അഡ്മിനിസ്ട്രേഷൻ വിക്ഷേപിച്ച പേടകം ചാങ്- 4 ൽ വെച്ചാണ് ആദ്യമായി പരുത്തിചെടി മുളപ്പൊട്ടിയത്.ചൈനീസ് ബഹിരാകാശ ഏജൻസി പുറത്തുവിട്ട ചിത്രങ്ങൾ അത്ഭുതത്തോടെയാണ് പുറത്തുള്ള ബഹിരാകാശ ഗവേഷകർ വീക്ഷിക്കുന്നത്.

പരുത്തികൃഷി വിജയത്തോടെ ഉരുളക്കിഴങ്ങ് കൃഷിയും പരീക്ഷിക്കുമെന്ന് ഗവേഷകൻ പറഞ്ഞു.കഴിഞ്ഞ ബഹിരാകാശ രംഗത്തെ ഏറ്റവും വലിയ പരീക്ഷണങ്ങളിൽ ഒന്നാണ് ചൈനീസ് ഗവേഷകർ നടത്തി വിജയിച്ചിരിക്കുന്നത്.

# മാഞ്ഞ ബാല്യകാലം

തിരയുന്ന ഞാനമിന്നറിയുന്ന ഞാനെ-
നിക്കകലേയ്ക്ക്  മാഞ്ഞൊരു ബാല്യകാലം
ഒരു നാളിലും തിരികെവരുകില്ലെങ്കിലും
പ്രണയം  തുളുമ്പുന്ന നിന്നരികിൽ
ഓർമ്മകൾ മത്രമായി ആ ദിനം എങ്കിലും
സ്വപ്നങ്ങളതിലേറെ  ദൂരങ്ങളായ്
നടക്കും പാതയിൽ, തിരയുന്ന ഞാനി-
ന്നൊരിക്കലും കാണില്ലയെന്നാകിലും
മൃദുലമാം നിൻ കരം ഒരിക്കൽ അറി-
ഞ്ഞിലും,കാണവാനിന്നും കൊതിയേറെയായ്
മണ്ണപ്പം ചുട്ടു കളിച്ച കാലം,മാമ്പഴം തിന്നു
രസിച്ച കാലം ,ഓർമ്മപ്പെടുത്തുന്ന ബാല്യകാലം
വേരുകൾ മണ്ണിലുറച്ചില്ലയെങ്കിലും നട്ടു
വളർത്തിയ കാലമിതല്ലയോ
തിരയുന്ന ഞാനമിന്നറിയുന്ന ഞാനെ-
നിക്കകലേക്ക് മാഞ്ഞൊരു ബാല്യകാലം
തേടുന്ന ഞാൻ ,തേടിയലയുന്ന ഞാൻ
എന്നിൽ നിന്നും മറഞ്ഞകാലം....!

# My Exam Fear

My Exam was near
I was full of fear
I studied until late at night
For my answers to be right
I was frightened as never
All I did was think and think
If I didn’t pass

I would repeat the class
Then the day was very creepy
And I was very sleepy
Finally at the exam
I tried to be stable
I was very shocked
to see the clock
For I had slept all through
That silly exam



# എന്റെ ബാല്യം

vishnu
10.d

ബാല്യകാലത്തിൽ മധുരമാം
സ്മരണകൾ ഓർത്തെടുത്തു ഞാൻ
കൗമാരത്തിൽ തെറ്റുകൾ തിരിച്ചറിയാൻ
കഴിയാത്ത ബാല്യം അമ്മതൻ വാക്കുകൾ
വേദമാക്കിയിരുന്ന ബാല്യം

കൈവെള്ള കുമ്പിളിലെ ചിപ്പിപോ-
ലെ കോരിയെടുത്തു ഞാൻ ബാല്യകാലം
പുഞ്ചിരി തൂകി നിൽക്കുന്ന പൂർണ്ണ
പുഞ്ചിരി തൂകി എൻ മനസ്സിൽ
തുളുമ്പി നിൽക്കുന്ന

പുത്തനടുപ്പിട്ട് അമ്മയോടൊപ്പം
കുളിച്ച് ദേവിക്ഷേത്രത്തിൽ പോയതും
മണ്ണിൽ കളിച്ചതും അമ്മ പറഞ്ഞു
പുത്തനടുപ്പിൽ അഴക്കാകുമെന്ന്
എന്നാൽ ആ വാക്കുകൾ കേട്ടിരുന്നില്ല

ഈ ഓർമ്മതൻ മടിച്ചെപ്പിൽ
നിന്നതിരുന്ന ബാല്യകാലസ്മരണകൾ
ബാല്യം ഇനി തിരിച്ചുകിട്ടുകയില്ലെ
ന്നറിയാമെങ്കിലും കൊതിക്കുന്നു
ഞാൻ ഒന്നു ബാല്യത്തിലേക്ക്
തിരിച്ചുപോകാൻ

vishnu.B
10D

# ഏകയായ മൗനം



ഏകയായ് ഞാനിതാ ഏകയായ്
നിൻ പദങ്ങളോ ചാര്യതേ മൂകയായ്
നിൻ സ്വരങ്ങളോ പ്രണയിനി
കാതിൽ ഉളുമ്പുന്ന ലോലമായ്
നിറപുഞ്ചിരി ഉകി നി വന്നു
നിറ തിങ്കളായ് നീ മുന്നിൽ നിന്നു
രാഗമായ് താളമായ് പ്രണയം
കാതിൽ ഉളുമ്പുന്ന ലോലമായ്
നിൻ മൗനങ്ങളോടെ നാം

saniya
9c

# ഇഞ്ചിക്കരയിലെ കുഞ്ചു

ഇഞ്ചിക്കരയിലെ കുഞ്ചു
കൊഞ്ചിനടക്കും കുഞ്ചു
കുഞ്ചുവിനുണ്ടൊരു സഞ്ചി
വഞ്ചിയിലുണ്ടൊരു സഞ്ചി
അഞ്ചുനിറത്തിലെ സഞ്ചി
സഞ്ചിയിൽ നിറയെ സഞ്ചി

-ഗീതു

9B

paul john



10d

# ഭാരതം

# പൊതുപരിചയം

1.മഹാഭാരതയുദ്ധം നടന്ന സ്ഥലം -കുരുക്ഷേത്രം

2.യാദവവംശ തലസ്ഥാനം -ദേവഗിരി

3.ബുദ്ധൻ ഉദ്ബോധനങ്ങൾക്കുവേണ്ടി ഉപയോഗിച്ച ഭാഷ -മാഗധി

4.അശോകസ്തംഭം കണ്ടെടുത്ത സ്ഥലം -സാരനാഥം

5.സിക്കുമതസ്ഥാപകൻ -ഗുരുനാനാക്ക്

6.സിക്കുമതക്കാരുടെ വിശുദ്ധഗ്രന്ഥം -ഗുരുഗ്രന്ഥസാഹിബ്

7.ഗോവയുടെ പുരാതനനാമം -ഗോമന്തകം

8.ബർമ്മയുടെ പഴയപേര് -ബ്രഹ്മദേശം

PAUL JOHN

# അമ്മ



manya
9a

അമ്മയാണ് ആദ്യ അക്ഷരം
അമ്മയാണ്  ആദ്യ ഗുരു
അമ്മയാണ് ദൈവം
അമ്മയാണ് സമസ്തവും
അമ്മയിൽ നിന്നാണ് ആദ്യ വാകുകൾ
പഠിക്കുന്നത്
അമ്മ പറയുന്നത് തന്നെയാണ് വേദമാക്കിയിരിക്കുന്നത്
ഈ ഭൂമി തന്നെയും അമ്മയൽ സ്രുഷ്ടിക്കപ്പെടുന്ന
അമ്മ തന്നെയാണ് പ്രകൃതിയും

അമ്മയാണ് ആദ്യ അക്ഷരം
അമ്മയാണ്  ആദ്യ ഗുരു
അമ്മയാണ് ദൈവം
അമ്മയാണ് സമസ്തവും

മക്കൾ എന്ത് തെറ്റ് ചെയ്താലും
അതിന്റെ മുഴുവൻ പങ്ക് വഹിക്കുന്നതും അമ്മയാണ്
ബാല്യത്തിൽ നമ്മൾ എന്ത്കുസൃതി കാണിച്ചാലും
അത്  ക്ഷമിക്കുന്നതും മറക്കുന്നതും അമ്മയണ്
അഛൻ ശാസിക്കുമ്പോൾ ഓടിയെത്തി തന്റെ
മക്കളെ സമാധാനിപ്പിക്കുന്നതും അമ്മ

അമ്മയാണ് ആദ്യ അക്ഷരം
അമ്മയാണ്  ആദ്യ ഗുരു
അമ്മയാണ് ദൈവം
അമ്മയാണ് സമസ്തവും

സൂര്യനെപോലെ വീട്ടിൽ ഉദിച്ച് നിൽക്കുന്നതും
അമ്മയാണ്
തുമ്പച്ചെടിയെപ്പോലെയാണ് അമ്മ
തുമ്പക്ക് മണമില്ല,നിറമില്ല  അതുകൊണ്ട് തന്നെ
ആരാലും ശ്രദ്ദിക്കപ്പെടാതെ ദുഖങ്ങൾ സഹിച്ച് നിൽക്കുന്ന
തുമ്പ

ഈ ലോകത്തിൽ ഒന്നിനും പകരം വെക്കാൻ ഇല്ലാത്ത
വാക്കാണ് 'അമ്മ'

അമ്മയാണ് പ്രകൃതി
അമ്മയാണ് ത്രിലോകവും
അമ്മയാണ് ജനനിയും മാതാവും

അമ്മയുടെ സ്നേഹത്തിൽ അലിയുന്നവർ

ഹാ! എത്ര ഭാഗ്യവാൻമാർ

manya
9a



afsal
10d

# ബാല്യത്തിൻ ഓർമ്മകൾ

ബാല്യത്തിൻ ഓർമ്മകളെന്നിൽ
എന്നും ചിരിതൂകി നിൽപ്പൂ
കഷ്ടതയെന്തെന്നറിയാത്ത കാലം
കൂട്ടരുമൊത്ത് കളിച്ച കാലം
ഓർക്കുന്നു ഞാനിന്നുമോർക്കുന്നു ഞാൻ
മറക്കാൻ കഴിയാത്ത ആ നല്ല കാലം

കൂട്ടരുമൊത്തൊരു പൂക്കളമിട്ടതും
പൂവുകൾ തേടി പറന്നലയുന്നതും
ഊഞ്ഞാലിലാടിക്കളിച്ചതുമിന്നെന്നിൽ
ഓർമ്മകൾ മാത്രമായി ഓർമ്മകൾ മാത്രമായി

ആ കാലം എന്നിൽ ളുകിയ ചില സ്മരണകൾ
എന്നെന്നുമെന്നിൽ നിറഞ്ഞിരിക്കുന്നല്ലോ
ഇന്നുമെന്നും ചിതഞ്ഞെടുപ്പൂ ഞാനാ
ഓർമ്മകൾ
തിരികെയെത്താത്ത ആ നല്ല ഓർമ്മകൾ
അക്കാലമിനി തിരികെ വരികയില്ലെന്നറിയാം
എങ്കിലും കൊതിച്ചു പോകുന്നു ഞാൻ
വീണ്ടും വീണ്ടും. . .

AFSAL.S
10D



sagar T raj

# മണ്ടൻ നായ

ഒരു ദിവസം കിട്ടൻ നായക്ക് ഒരെല്ല് കിട്ടി.ആരും കാണാതെ തിന്നണം എന്ന് കരുതി എല്ലും കൊണ്ട് അവൻ ഓടി.വഴിയിൽ ഒരു തോടുണ്ട്. അതിനു മുകളിൽ വീതി കുറഞ്ഞ ഒരു തടിപ്പാലമുണ്ട്.അതിലൂടെ ഓടുമ്പോൾ കിട്ടൻ താഴെ വേറെ ഒരു നായയെ കണ്ടു.കിട്ടന് ദേഷ്യം വന്നു ബൗ ബൗ അവൻ കുരച്ചു .'ബ്ലും' കഷ്ടം!എല്ല് വെള്ളത്തിൽ വീണു ഓളം കാരണം ആ നായയെയും കാണുന്നില്ല.അത് തന്റെ നിഴലായിരുന്നുവെന്ന് മണ്ടനായ കിട്ടൻ നായക്ക് മനസിലായില്ല.

SAGAR
1D0

# അമ്മ



devika.s

10.c

ഓടിയെത്തും നേരമെന്നൊ
ഓമനിക്കും അമ്മ,
പാലുതരും പാവതരും
പീപ്പിതരും അമ്മ.
ഉമ്മവെക്കും പാട്ടുപാടും
എന്നുമെന്റെ അമ്മ

പട്ടുറുമാൽ തുന്നിത്തരും
പൊട്ടുതൊടീക്കും അമ്മ.
കൊച്ചുകഥ ചൊല്ലിതരും,
നിശ്ചയമെന്നമ്മ .
അച്ഛനെന്നെ തല്ലിടുമ്പോൾ,
ഓടിയെത്തും അമ്മ.
അമ്മയാണീ പാരിടത്തിൽ,
എന്നുമെന്റെ ദൈവം.
അമ്മയെ മറക്കുമോ ഞാൻ,
ജീവനുള്ള കാലംവരെ.....

DEVIKA.S
10C